LIBRARY ARCHIVES Kerala Legislative Assembly

## കയ്യേറ്റ ഭൂമി സംബന്ധമായ കൈവശ സർട്ടിഫിക്കറ്റ്

10 [562] പ്രൊഫസർ സാവിത്രി ലക്ഷ്മണൻ:
ശ്രീ. ജോർജ് ജെ. മാത്യു:
,, വി. ബാലറാം:
,, എം. എ. ചന്ദ്രശേഖരൻ:
,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കണ്ണൻദേവൻ കമ്പനിയിൽ നിന്നും ഏറ്റെടുത്ത ഭൂമി കയ്യേറിയവരിൽ എത്ര പേർക്ക് റവന്യൂ വകുപ്പ് കൈവശ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്;

(ബി) ഈ രേഖ നൽകിയതിൽ ക്രമക്കേടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) കൈവശരേഖ ലഭിച്ചവരെല്ലാം നിശ്ചിത തീയതിക്കു മുമ്പ് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കണമെന്നും അപ്രകാരം ചെയ്യാത്തവരുടെ കൈവശ രേഖ സ്വയം റദ്ദാകുന്നതാണെന്നും ഇടുക്കി ജില്ലാ കളക്ടർ ഉത്തരവിട്ടിട്ടുണ്ടോ;

(ഡി) ഇതനുസരിച്ച് നിശ്ചിത തീയതിക്കു മുമ്പ് എത്രപേർ കൈവശരേഖ ജില്ലാ കളക്ടർക്ക് സമർപ്പിച്ചു എന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) 570 കേസുകളിൽ കൈവശ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ആരും സമർപ്പിച്ചിട്ടില്ല.

## പുറംപോക്ക് സ്ഥലത്ത് താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് നടപടി

11 [563] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീരദേശത്തെ സർക്കാർ പുറമ്പോക്ക് സ്ഥലത്ത് താമസിക്കുന്നവർക്ക് പട്ടയം അനുവദിച്ച് നൽകിയിട്ടുണ്ടോ;

(ബി) നെയ്യാറ്റിൻകര താലൂക്കിലെ തീരദേശ ഗ്രാമങ്ങളിൽ സർക്കാർ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം ഇല്ലാത്തതിനാൽ തങ്ങളുടെ വസ്തുവകകൾ ക്രയവിക്രയം ചെയ്യുന്നതിനും ബാങ്ക് ലോൺ എടുക്കുന്നതിനും കഴിയുന്നില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നെയ്യാറ്റിൻകര താലൂക്കിന്റെ തീരദേശഗ്രാമങ്ങളിൽ സർക്കാർ പുറംപോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പ്രദേശങ്ങളിലെ ആളുകൾക്ക് പട്ടയം നൽകുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി, ഡി) തീരദേശ പുറംപോക്കിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുന്നതിലേയ്ക്കായി ഫിഷറീസ്, പോർട്ട്, ടൂറിസം വകുപ്പുകളുടെ അനുമതി ആവശ്യമാണ്. പ്രസ്തുത വകുപ്പുകളുടെ അനുമതി ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ ലഭിച്ചിട്ടില്ല.

മത്സ്യത്തൊഴിലാളികൾക്ക് സമയബന്ധിതമായി പട്ടയം നൽകുവാൻ നടപടി

12 [564] ശ്രീ. എ. സി. ഷൺമുഖദാസ്:
,, സി. കെ. നാണു:
,, കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ എത്ര പേർക്ക് പുതുതായി പട്ടയം നൽകിയിട്ടുണ്ട്;

(ബി) ജില്ല, താലൂക്ക്, വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) കേരളത്തിൽ തീരപ്രദേശങ്ങളിൽ നിരവധി മത്സ്യത്തൊഴിലാളികൾക്ക് തങ്ങളുടെ വാസസ്ഥലത്തിന്റെ പട്ടയം ലഭിച്ചിട്ടില്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മത്സ്യത്തൊഴിലാളികൾക്ക് സമയബന്ധിതമായി പട്ടയം നൽകാനുള്ള പരിപാടി തയ്യാറാക്കുമോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly